# ആരാണ് യേശുക്രിസ്തു



NICHE OF TRUTH

## യേശുക്രിസ്തു ആരായിരുന്നു?

ക്രിസ്തു വ്യഭിചാരപുത്രനാണെന്നാണ് യഹൂദന്മാരുടെ വാദം.

യേശു ത്രിയേക ദൈവത്തിലെ ഒരു ആളത്വമായ ദൈവപുത്രനാണെന്നാണ് ക്രൈസ്തവർ വിശ്വസിക്കുന്നത്.

ഈസാ മസീഹ് ഇസ്രായീല്യരിലേക്ക് അയക്കപ്പെട്ട ഒരു പ്രവാചകനാണെന്നാണ് ഇസ്‌ലാമിക പ്രമാണങ്ങൾ വ്യക്തമാക്കുന്നത്.

ക്രിസ്തു സ്വയം താനാരാണെന്നാണ് അവകാശപ്പെട്ടത്? ഇതാണ് ആദ്യമായി പരിശോധിക്കപ്പെടേണ്ടത്.

ത്രിയേക ദൈവത്തിലെ ഒരു വ്യക്തിത്വമാണ് താനെന്ന് ക്രിസ്തു വാദിച്ചിട്ടുണ്ടോ? വാദിച്ചിട്ടുണ്ടെന്നതിന് ബൈബിളിൽ വല്ല തെളിവുമുണ്ടോ? നാം പരിശോധിക്കുക.

## പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ്

മത്തായിയുടെ സുവിശേഷത്തിലെ താഴെ പറയുന്ന വചനം ത്രിത്വത്തിന് തെളിവായുദ്ധരിക്കപ്പെടാറുണ്ട്. 'ആകയാൽ നിങ്ങൾ പോയി എല്ലാ ജനതകളെയും ശിഷ്യപ്പെടുത്തുവിൻ. പിതാവിൻെറയും പുത്രൻെറയും പരിശുദ്ധാത്മാവിൻെറയും നാമത്തിൽ അവർക്ക് ജ്ഞാനസ്നാനം നൽകുവിൻ' (മത്തായി 28:19,20).

ഈ വചനം ത്രിത്വത്തിനുള്ള തെളിവല്ല, ത്രിത്വത്തെ വിമർശിക്കുവാനുതകുന്ന സൂക്തമത്രെ. ഈ വചനപ്രകാരം പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ് എന്നിങ്ങനെ മൂന്ന് അസ്തിത്വങ്ങൾ ഉണ്ടെന്ന് മാത്രമാണ് തെളിയുന്നത്. അവർ മൂന്നുപേരും ഒന്നാണെന്ന് മനസ്സിലാകുന്നില്ല. അവർ മൂന്നും ഏകദൈവത്തിൻെറ ആളത്വങ്ങളാണെങ്കിൽ പ്രസ്തുത വസ്തുത ഈ സൂക്തത്തിലൂടെ വ്യക്തമായും ക്രിസ്തു പ്രഖ്യാപിക്കുമായിരുന്നു. പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ് എന്നിങ്ങനെ മൂന്ന് വ്യക്തിത്വങ്ങളെയും കുറിച്ച് പഠിപ്പിച്ച ക്രിസ്തു എന്തേ ഇവ മൂന്നും ഏകദൈവത്തിൻെറ ആളത്വങ്ങളാണ് എന്നു പറഞ്ഞില്ല? ഇവ മൂന്നും ഒന്നായിരുന്നുവെങ്കിൽ ആ സത്യം ക്രിസ്തു ജനങ്ങളിൽനിന്നും മറച്ചുവെച്ചുവെന്നോ? ഇല്ല, ഒരിക്കലും അതുണ്ടായിട്ടില്ല. സത്യത്തിൻെറ പ്രവാചകനായി വന്ന മിശിഹ ജനങ്ങളിൽ

നിന്നും അദ്ദേഹത്തിനറിയാമായിരുന്ന, രക്ഷക്കുതകുന്ന ഒരു കാര്യവും മറച്ചുവെച്ചിട്ടില്ല. സത്യവും വഴിയും കാണിച്ചുതന്ന അദ്ദേഹം നിത്യജീവൻ നേടാനാവശ്യമായ ഒരു വിശ്വാസവും ജനങ്ങളോട് പറയാതിരുന്നിട്ടില്ല. എന്നാൽ, ത്രിത്വത്തെക്കുറിച്ച്, ഒരിക്കൽ പോലും യാതൊരു സൂചനയും അദ്ദേഹം നൽകിയിട്ടില്ല. അതിൽ നിന്നുതന്നെ ത്രിത്വസങ്കൽപം നിത്യജീവൻ നേടാനാവശ്യമായ വിശ്വാസപ്രമാണങ്ങളിൽ പെടുന്നില്ലെന്ന വസ്തുത സുതരാം വ്യക്തമാകുന്നു.

## ഞാനും പിതാവും ഒന്നുതന്നെ

'ഞാനും പിതാവും ഒന്നുതന്നെ'യെന്ന (യോഹന്നാൻ 10:30) ക്രിസ്തു പറഞ്ഞിട്ടില്ലേയെന്നും അതിൽനിന്നും അദ്ദേഹവും പിതാവും ഏകദൈവത്തിൻെറ അംശങ്ങളാണെന്ന് മനസ്സിലാക്കിക്കൂടെയെന്നും ചിലർ ചോദിക്കാറുണ്ട്. നമുക്ക് ഈ വചനം പൂർണമായി പരിശോധിക്കുക. 'എൻെറ ആടുകൾ എൻെറ സ്വരം ശ്രവിക്കുന്നു. എനിക്ക് അവയെ അറിയാം. അവ എന്നെ അനുഗമിക്കുന്നു. ഞാൻ അവക്ക് നിത്യജീവൻ നൽകുന്നു. അവ ഒരിക്കലും നശിച്ചുപോവുകയില്ല. അവയെ എന്റെ അടുക്കൽനിന്ന് ആരും പിടിച്ചെടുക്കുകയില്ല. അവയെ എനിക്ക് നൽകിയ പിതാവ് എല്ലാവരെയുംകാൾ വലിയവനാണ്. പിതാവിൻെറ കൈയിൽനിന്ന് അവയെ പിടി

ച്ചെടുക്കാൻ ആർക്കും കഴിയുകയില്ല. ഞാനും പിതാവും ഒന്നാണ്'.

ഈ വചനത്തിലെവിടെയും ദൈവികസത്തയുടെ ത്രിഭാവങ്ങളിൽപെട്ടതാണ് യേശുവും പിതാവുമെന്ന വാദത്തിന് ഉപോൽബലകമായ ഒരു സൂചനപോലുമില്ല. പിന്നെ ഇവിടെ ഞാനും ദൈവവും ഒന്നാണ് എന്ന് പറഞ്ഞതെന്തിനാണ്?

യോഹന്നാൻ സുവിശേഷത്തിൽ മറ്റൊരു വചനം ശ്രദ്ധിക്കുക:

'അവരെല്ലാവരും ഒന്നായിരിക്കാൻ വേണ്ടി പിതാവേ, അങ്ങ് എന്നിലും ഞാൻ അങ്ങയിലും ആയിരിക്കുന്നതുപോലെ അവരും നമ്മിൽ ആയിരിക്കുന്നതിനും അങ്ങനെ അവിടുന്ന് എന്നെ അയച്ചുവെന്ന് ലോകം അറിയുന്നതിനും വേണ്ടി ഞാൻ പ്രാർഥിക്കുന്നു. മഹത്വം അവക്ക് ഞാൻ നൽകിയിരിക്കുന്നു. അവർ പൂർണമായും ഒന്നാകേണ്ടതിന് ഞാൻ അവരിലും അവിടുന്ന് എന്നിലും ആയിരിക്കുന്നു' (യോഹന്നാൻ 17:21–23).

ഈ വചനത്തിൽ ദൈവവും ക്രിസ്തുവും മാത്രമല്ല അദ്ദേഹത്തിൻെറ അനുയായികളുംകൂടി ഒന്നാണെന്ന് പറഞ്ഞിരിക്കുന്നു. മുകളിൽ പറഞ്ഞ 'ഞാനും പിതാവും ഒന്നുതന്നെ'യെന്ന ക്രിസ്തുവചന പ്രകാരം ക്രിസ്തു ദൈവിക വ്യക്തിത്വങ്ങളിലൊന്നാണെന്ന് വാദി

ക്കുകയാണെങ്കിൽ മുകളിൽ പറഞ്ഞ വചനപ്രകാരം ക്രിസ്തുശിഷ്യന്മാർകൂടി ദൈവത്തിൻെറ സത്തയിൽ സ്ഥിതി ചെയ്യുന്നവരാണെന്ന് പറയേണ്ടിവരും. അപ്പോൾ സത്തയിലുള്ള ഏകത്വമല്ല ഈ വചനങ്ങളൊന്നും വ്യക്തമാക്കുന്നത്. പ്രസ്തുത ആശയത്തിന്മേലുള്ള ഐക്യരൂപമത്രെ. ഇവിടെ ഒന്ന് എന്ന തർജ്ജമ നൽകിയിരിക്കുന്നത് ഗ്രീക്കിലെ 'ഹെൻ' (HEN) എന്ന പദത്തിനാണ്. പ്രസ്തുത പദം സത്തയിലെ ഏകത്വത്തെയല്ല. സഹകരണത്തിലെ (Co-operation) ഏകത്വത്തെയാണ് കുറിക്കുന്നത്.

'ഞങ്ങൾ രണ്ടു പേരും ഒറ്റക്കെട്ടാണ്' എന്ന് മലയാളത്തിൽ പ്രയോഗിക്കാറുള്ളതുപോലുള്ള ഒരു പ്രയോഗം മാത്രമാണ് 'ഞാനും ദൈവവും ഒന്നാണ്' എന്ന ക്രിസ്തുവിൻെറ വചനം ഉൾക്കൊള്ളുന്നത്. ദൈവത്തിൻെറ വചനങ്ങൾ പ്രബോധനം ചെയ്യുന്ന ക്രിസ്തുവും പിതാവും ഒന്നുതന്നെ. അവ സ്വീകരിച്ച് നിത്യജീവൻ നേടിയെടുക്കുന്നതിലൂടെ ക്രിസ്തുശിഷ്യന്മാരും ആ കൂട്ടായ്മയിലെ അംഗങ്ങളാകുന്നു. പിതാവും പ്രവാചകനും അപ്പോസ്തലന്മാരും ചേർന്ന കൂട്ടായ്മയാണത്.

## എന്നെക്കണ്ടവൻ പിതാവിനെ കണ്ടിരിക്കുന്നു

'എന്നെക്കണ്ടവൻ പിതാവിനെ കണ്ടിരിക്കുന്നു'വെന്ന് (യോഹന്നാൻ 14:9) യേശു പറഞ്ഞതിൽനിന്നും

അദ്ദേഹം ദൈവമാണെന്ന് മനസ്സിലാക്കാമെന്ന് ചിലർ വാദിക്കുന്നു. ദൈവത്തെ മനുഷ്യന് കാണാൻ കഴിയുമോ? ഇല്ലെന്നാണ് വസ്തുത. ഈ വസ്തുതയിലേക്ക് പുതിയ നിയമവും പഴയ നിയമവും വെളിച്ചം വീശുന്നുണ്ട്. യഹോവ മോശയോട് പറഞ്ഞതായി പുറപ്പാട് പുസ്തകം രേഖപ്പെടുത്തുന്നത് കാണുക: 'എന്നാൽ നിനക്ക് എന്റെ മുഖം കാണാനാവില്ല. എന്നെ കാണുന്ന മനുഷ്യൻ ജീവനോടെ ഇരിക്കയില്ല' (പുറപ്പാട് 33:20). ക്രിസ്തു ദൈവമാണെങ്കിൽ അദ്ദേഹത്തെ ജനങ്ങൾക്ക് കാണാൻ കഴിയുമായിരുന്നില്ല. ക്രിസ്തുവാകട്ടെ ജനങ്ങൾ കണ്ടും ജനങ്ങളെ കണ്ടുമാണ് ജീവിച്ചത്.

'എന്നെക്കണ്ടവൻ പിതാവിനെ കണ്ടിരിക്കുന്നു'വെന്ന് പറഞ്ഞതിന്റെ വിവക്ഷയെന്താണ്? ഈ വചനം പൂർണമായി പരിശോധിക്കുക. 'ഫിലിപ്പോസ് അവനോട് കർത്താവേ പിതാവിനെ ഞങ്ങൾക്കു കാണിച്ചു തരേണം. എന്നാൽ ഞങ്ങൾക്കതുമതി എന്നു പറഞ്ഞു. യേശു അവനോട് പറഞ്ഞു: 'ഞാൻ ഈ കാലം നിങ്ങളോട് കൂടെ ഇരുന്നിട്ടും നീ എന്നെ അറിയുന്നില്ലയോ ഫിലിപ്പോസെ! എന്നെ കണ്ടവൻ പിതാവിനെ കണ്ടിരിക്കുന്നു. പിന്നെ പിതാവിനെ ഞങ്ങൾക്കു കാണിച്ചു തരേണം എന്നു നീ പറയുന്നത് എങ്ങനെ? (യോഹന്നാൻ 14:8,9). ദൈവത്തെ ആർക്കും ഒരു നാളും കാണുവാൻ കഴിയില്ലെന്നതും യേശുവിലൂടെ ദൈവത്തെ അറി

യുകയാണ് ചെയ്യേണ്ടതെന്നും വ്യക്തമാക്കുകയാണ് ക്രിസ്തു ഇവിടെ ചെയ്യുന്നത്.

യോഹന്നാൻതന്നെ പറയുന്നത് നോക്കുക: 'ദൈവത്തെ ആരും ഒരു നാളും കണ്ടിട്ടില്ല. പിതാവിൻറ മടിയിൽ ഇരിക്കുന്ന ഏകജാതനായ പുത്രൻ അവനെ വെളിപ്പെടുത്തിയിരിക്കുന്നു' (യോഹന്നാൻ 1:18) വചനം പ്രത്യേകം ശ്രദ്ധിക്കുക: 'ദൈവത്തെ ആരും ഒരു നാളും കണ്ടിട്ടില്ല'യെന്നാണ് പ്രയോഗിക്കപ്പെട്ടിരിക്കുന്നത്. ഇത് ക്രിസ്തുവിനു ശേഷം നടന്ന രചനയാണെന്നതിൽ രണ്ടഭിപ്രായമില്ല. ക്രിസ്തുവിനെ ജനങ്ങൾ കണ്ടിരുന്നുവെന്ന് അറിയാവുന്ന യോഹന്നാൻ വിശ്വസിച്ചിരുന്നില്ലെന്നർഥം. 'ദൈവത്തെ'യെന്ന പദപ്രയോഗത്തിൽ ക്രിസ്തു ഉൾപ്പെടുന്നില്ല, തീർച്ച. യോഹന്നാൻ ത്രിയേക ദൈവ സങ്കൽപത്തെക്കുറിച്ച് ഒന്നുമറിയാത്തയാളായിരുന്നുവെന്ന് വ്യക്തം.

ദൈവിക സത്യങ്ങൾ വെളിപ്പെടുന്നത് യേശുവിലൂടെയാണ്. കാരണം അദ്ദേഹം ദൈവത്തിൻെറ പ്രവാചകനാണ്. അതുകൊണ്ടുതന്നെ, യേശുവിനെ അറിഞ്ഞവൻ ദൈവത്തെ അറിഞ്ഞിരിക്കുന്നു. 'പുത്രൻ അവനെ (ദൈവത്തെ) വെളിപ്പെടുത്തിയിരിക്കുന്നുവെന്നർഥം (യോഹന്നാൻ 1:18). ഇതാണ് എന്നെക്കണ്ടവൻ പിതാവിനെ കണ്ടിരിക്കുന്നുവെന്ന ക്രിസ്തു വചനത്തിൻെറ പൊരുൾ. നിങ്ങൾ കേൾക്കുന്ന വചനം എൻേറ

തല്ല്'. എന്നെ അയച്ച പിതാവിൻേറതത്രെയെന്ന് (യോഹന്നാൻ 14:24) ക്രിസ്തു പറയുമ്പോഴും ഈ ആശയം മാത്രമാണുൾക്കൊള്ളുന്നത്.

## ദൈവപുത്രൻ

ക്രിസ്തു ദൈവപുത്രനെന്ന് സ്വയം വിശേഷിപ്പിക്കുകയും ശിഷ്യന്മാർ അങ്ങനെ വിളിക്കുന്നതിനെ നിരുൽസാഹപ്പെടുത്താതിരിക്കുകയും ചെയ്തിട്ടുണ്ടെന്നതിനാൽ അദ്ദേഹത്തിൽ ദിവ്യത്വമുണ്ടെന്നാണ് മറ്റൊരു വാദം. ബൈബിൾ ദൈവപുത്രൻ എന്ന് സംബോധന ചെയ്യുമ്പോൾ അതെന്ത് അർത്ഥമാക്കുന്നുവെന്ന് ആദ്യമായി പരിശോധിക്കണം. ദൈവത്താൽ പ്രത്യേകം നിയുക്തനായ മനുഷ്യനെന്ന് മാത്രമാണ് ദൈവപുത്രനെന്ന പദത്തിൻെറ ബൈബിളിയമായ വിവക്ഷ. 'ദൈവാത്മാവ് നടത്തുന്നവർ ഏവരും ദൈവത്തിൻെറ മക്കൾ ആകുന്നു' (റോമാ 8:14)വെന്നാണ് പൗലോസ് എഴുതുന്നത്.

'ദൈവപുത്രൻ' എന്ന വിശേഷണം ദൈവത്തിൻെറ പ്രത്യേകക്കാരെ ഉദ്ദേശിച്ചുകൊണ്ടുമാത്രമാണ്. പുതിയ നിയമത്തിലും പഴയ നിയമത്തിലും പ്രയോഗിച്ചിരിക്കുന്നത്. ക്രിസ്തുതന്നെ ഇക്കാര്യം വ്യക്തമാക്കുന്നുണ്ട്. 'ദൈവത്തിൻെറ വചനം ലഭിച്ചവരെ അവൻ ദേവന്മാർ എന്നു വിളിച്ചുവെങ്കിൽ ഞാൻ ദൈവപുത്രനാണ് എന്ന് പറഞ്ഞുകൊണ്ട് പിതാവ് അഭിഷേകം ചെയ്തു ലോകത്തിലേക്ക് അയച്ച എന്നെപ്പറ്റി, നീ ദൈവ

ദൂഷണം നടത്തുന്നുവെന്ന് നിങ്ങൾ പറയുന്നുവോ? (യോഹന്നാൻ 10:35, 36) ദൈവവചനം നൽകപ്പെട്ട ഇസ്രായീല്യരെ ദൈവംദേവന്മാർ എന്നു സംബോധന ചെയ്തതുപോലെയാണ് ലോകത്തിലേക്ക് മാർഗദർശിയായി അയക്കപ്പെട്ട പ്രവാചകനായ ക്രിസ്തുവിനെ 'ദൈവപുത്രൻ' എന്ന് വിളിക്കുന്നതെന്നർഥം.

പഴയ നിയമം മുതൽക്കേ 'ദൈവപുത്രൻ' എന്ന സംബോധന രീതി നിലനിന്നിരുന്നതായി കാണാൻ കഴിയും. യാക്കോബും സോളമനും എഫ്രയീമും ദാവീദുമെല്ലാം പഴയ നിയമത്തിന്റെ ഭാഷയിൽ ദൈവപുത്രന്മാരാണ്.

'കർത്താവ് പറയുന്നു: ഇസ്രായീൽ എന്റെ പുത്രനാണ്. എന്റെ ആദ്യജാതൻ (പുറപ്പാട് 4:22).

'ഞാൻ അവന് (സോളമന്) പിതാവും അവൻ എനിക്ക് പുത്രനുമായിരിക്കും' (സാമുവൽ 7:14).

'ഞാൻ ഇസ്രായീലിനു പിതാവാണ്. എഫ്രായീം എന്റെ ആദ്യജാതനും' (യിരെമ്യാവ് 31:9)

'നീ (ദാവീദ്) എന്റെ പുത്രനാണ്; ഇന്ന് ഞാൻ നിനക്ക് ജന്മം നൽകി' (സങ്കീർത്തനങ്ങൾ 2:7)

ദൈവപുത്രനെന്ന് സംബോധന ചെയ്യപ്പെട്ടത് കൊണ്ടുമാത്രം ക്രിസ്തു ത്രിയേക ദൈവത്തിലെ ഒരു ആളത്വമാണെന്ന് വാദിക്കുകയാണെങ്കിൽ പഴയ നിയമ

ത്തിൽ ദൈവപുത്രനെന്ന് സംബോധന ചെയ്യപ്പെട്ട പൂർവ പ്രവാചകന്മാരെല്ലാം ദൈവിക സത്തയിലെ ആളത്വങ്ങളാണെന്ന് സമ്മതിക്കേണ്ടിവരും. കഴിഞ്ഞില്ല, ക്രിസ്തുവിൽ വിശ്വസിക്കുന്നവർ മുഴുവൻ ദൈവപുത്രന്മാരാണെന്നാണ് പുതിയ നിയമഭാഷ്യം. യോഹന്നാൻ എഴുതുന്നു: 'എന്നാൽ തൻെറ കൈകൊണ്ട് തൻെറ നാമത്തിൽ വിശ്വസിക്കുന്ന ഏവർക്കും ദൈവമക്കൾ ആകുവാനുള്ള അവകാശം അവൻ കൊടുത്തു' (യോഹന്നാൻ 1:12). യേശു ദൈവപുത്രനായതിനാൽ ത്രിയേക ദൈവത്തിലെ വ്യക്തിത്വമാണെങ്കിൽ, ദൈവപുത്രന്മാരാകാൻ അവകാശം നൽകപ്പെട്ട അപോസ്തലന്മാരും പ്രസ്തുത സത്തയിലെ അംഗങ്ങളാവുമല്ലോ.

ദൈവപുത്രന്മാരെന്ന് അറിയപ്പെടുന്നവർ ആരാണെന്ന് മത്തായി വ്യക്തമാക്കുന്നുണ്ട്. 'സമാധാനമുണ്ടാക്കുന്നവർ ഭാഗ്യവാന്മാർ; അവർ ദൈവപുത്രന്മാർ എന്നു വിളിക്കപ്പെടും' (മത്തായി 5:9) സമാധാനമുണ്ടാക്കുന്നവരെല്ലാം ദൈവിക സത്തയിൽ ഉൾപ്പെടുന്നുവെന്ന് ആർക്കും വാദമില്ലല്ലോ.

## അത്ഭുത ജനനം

ക്രിസ്തു താൻ ദൈവമാണെന്നോ ത്രിയേക ദൈവത്തിലെ ഒരു വ്യക്തിയാണെന്നോ ജഢികാർത്ഥത്തിലുള്ള ദൈവപുത്രനാണെന്നോ വാദിച്ചിട്ടില്ലെന്ന് നാം

മനസ്സിലാക്കി. പിതാവില്ലാതെ ജനിച്ചതിനാലാണ് അദ്ദേഹം ദൈവപുത്രനെന്ന് പറയുന്നതെന്ന് വാദിക്കാറുണ്ട്. എങ്കിൽ, പിതാവും മാതാവുമില്ലാതെ ജനിച്ച ആദമാണല്ലോ യേശുവിനെക്കാൾ യോഗ്യനായ ദൈവപുത്രൻ! ബൈബിൾ ആദമിനെ ദൈവപുത്രനാണെന്ന് (ലൂക്കോസ് 3:38) പരിചയപ്പെടുത്തുന്നുമുണ്ട്. ആദമിനെക്കൂടി ദൈവപുത്രനായി അംഗീകരിച്ചുകൊണ്ട് ദൈവത്തിൻെറ സത്തയിലെ വ്യക്തിയാക്കുവാൻ കഴിയുമോ?

മഹാപുരോഹിതനായ മെൽക്കീസദേക്കിനെക്കുറിച്ച് ബൈബിൾ പരിചയപ്പെടുത്തുന്നത് ആദിയും അന്ത്യവുമില്ലാത്തവനായിട്ടാണ്. സലേമിൻെറ രാജാവും അത്യുന്നതനുമായ ദൈവത്തിൻെറ പുരോഹിതനുമായ മെൽക്കീസേദക്കിനെക്കുറിച്ച് പൗലോസ് എഴുതുന്നത് നോകുക. 'അവന് പിതാവോ മാതാവോ വംശപരമ്പരയോ ഇല്ല. അവൻെറ ദിവസങ്ങൾക്ക് ആരംഭമോ അവസാനമോ ഇല്ല. (ഹെബ്രായർ 7:3) പിതാവില്ലാതെ ജനിച്ചതുകൊണ്ട് ക്രിസ്തു ദൈവപുത്രനാണെന്ന് വാദിക്കുകയാണെങ്കിൽ പിതാവും മാതാവുമില്ലാത്ത ആദിയും അന്ത്യവുമില്ലാത്ത മെൽക്കിസേദക്ക് ക്രിസ്തുവിനേക്കാൾ ദൈവപുത്രനാകാൻ അർഹനാണെന്ന് സമ്മതിക്കേണ്ടിവരും. ഇങ്ങനെ പോയാൽ ദൈവികസ

ത്തയിലെ വ്യക്തിത്വങ്ങളുടെ എണ്ണം കൂടും. ത്രിയേക ത്വം മഹുഏകത്വമായി മാറും!

## പരിശുദ്ധ പ്രവാചകൻ

ആരായിരുന്നു ക്രിസ്തു? ഈ ചോദ്യം ഇനിയും അവശേഷിക്കുന്നു. ദൈവമാണെന്ന ജഢികാർത്ഥത്തി ലുള്ള ദൈവപുത്രനാണെന്നോ അദ്ദേഹം അവകാശ പ്പെട്ടിട്ടില്ല. പിന്നെന്താണദ്ദേഹം അവകാശപ്പെട്ടത്?

ക്രിസ്തുവിനെ സംബന്ധിച്ച് പുതിയ നിയമത്തിൽ വന്ന പ്രസ്താവനകൾ വായിച്ചു നോക്കൂ. അദ്ദേഹത്തി നെക്കുറിച്ച് 'ദൈവപുത്രൻ' എന്ന സംബോധന, സു വിശേഷങ്ങളിൽ തുലോം വിരളമാണ്. പ്രസ്തുത പ്ര യോഗം കൂടുതലായി കാണപ്പെടുന്നത് പൗലോസിൻെ റ ലേഖനങ്ങളിലാണ്. സുവിശേഷങ്ങളിൽ യേശുവി നെ സംബന്ധിച്ച് 'മനുഷ്യപുത്രൻ' എന്ന് 63 പ്രാവ ശ്യം സംബോധന ചെയ്തിരിക്കുന്നു.

അതെ... ക്രിസ്തു മനുഷ്യപുത്രനായിരുന്നു. നമ്മ ളെ എല്ലാവരെയുംപോലെ വിശപ്പും ദാഹവും വികാര വിചാരണങ്ങളുമെല്ലാമുള്ള മനുഷ്യൻ. ദൈവത്തിൻെറ പ്രീതിക്കു വേണ്ടി തൻെറ ഇച്ഛകളെയെല്ലാം ബലി യർപ്പിക്കാൻ തയാറായ മഹാൻ. ഇസ്രായീൽ മക്കളെ സത്യത്തിൻെറ പന്ഥാവിലൂടെ നയിക്കാൻ ആജീവനാ ന്തം കഠിനമായി പരിശ്രമിച്ച പ്രവാചകൻ, അദ്ദേഹം സം

സാരിച്ചത് ദൈവത്തിൻെറ ബോധനങ്ങളായിരുന്നു. അദ്ദേഹം അത്ഭുതങ്ങൾ ചെയ്തു. അവ ദൈവം കാണിച്ചവയായിരുന്നു. ദൈവം പഠിപ്പിച്ചതല്ലാതെ മറ്റൊന്നും സ്വമേധയാ ചെയ്യാൻ തനിക്കു സാധ്യമല്ലെന്ന വസ്തുത ക്രിസ്തു വ്യക്തമാക്കുന്നുണ്ട്. 'പിതാവ് ചെയ്തു കാണുന്നതല്ലാതെ പുത്രന് സ്വന്തം ഇഷ്ടമനുസരിച്ച് ഒന്നും ചെയ്യാൻ സാധിക്കുകയില്ല' (യോഹന്നാൻ 5: 19).

മനുഷ്യനായ ഒരു പ്രവാചകനായിരുന്നു ക്രിസ്തു. അബ്രഹാമിനെയും ഇസ്മായേലിനെയും യാക്കോബിനെയും മോശയെയും യോസഫിനെയും പോലുള്ള ഒരു പ്രവാചകൻ. അദ്ദേഹം ഇസ്രായീൽ മക്കൾക്ക് വഴികാട്ടിയായിരുന്നു. നിഷ്കളങ്കനായിരുന്നു. സ്വന്തം മാതൃകയിലൂടെ സമൂഹത്തെ സന്മാർഗത്തിലേക്ക് നയിക്കാൻ ശ്രമിച്ച മഹാനായിരുന്നു. ദൈവമല്ല, ദൈവപുത്രനുമല്ല, ത്രിയേക ദൈവങ്ങളിൽ ഒരുവനുമല്ല, പ്രവാചകൻ മാത്രം, മനുഷ്യനായ പ്രവാചകൻ!

## പൂർണ്ണനായ മനുഷ്യൻ

പുതിയ നിയമം പരിശോധിക്കുക. മനുഷ്യനായ ക്രിസ്തുവിനെയാണ് നമുക്കതിൽ കാണാൻ കഴിയുക. അദ്ദേഹത്തിൻെറ ജനനം മുതൽക്ക് പരിശോധിച്ചാൽ ഒരു മനുഷ്യൻേറതിൽനിന്ന് വ്യത്യസ്ഥമായൊരു ചിത്രം

നമുക്ക് ലഭിക്കില്ല.

- അബ്രഹാമിൻെറയും ദാവീദിൻെറയും പുത്രപരമ്പരയിൽ യേശു ജനിക്കുന്നു (ലൂക്കോസ് 2:21)
- യേശു പരിച്ഛേദനയേൽക്കുന്നു (ലൂക്കോസ് 2: 21)
- യേശു മുലകുടിക്കുന്നു (ലൂക്കോസ് 11:27)
- യേശു കഴുതപ്പുറത്ത് യാത്ര ചെയ്യുന്നു (മത്തായി 21:5)
- യേശു ഭക്ഷണവും പാനീയവും ഉപയോഗിക്കുന്നു (മത്തായി 11:19)
- കിടപ്പാടമില്ലാത്ത യേശു (മത്തായി 8:20)
- യേശു വസ്ത്രങ്ങളുപയോഗിക്കുന്നു (യോഹന്നാൻ 19:23)
- യേശുവിന് സഹോദരീ സഹോദരന്മാർ (മത്തായി 13:35)
- യേശുവിന് വളർച്ചക്കനുസരിച്ച് ജ്ഞാനം വർധിക്കുന്നു (ലൂക്കോസ് 21:40)
- യേശുവിന് സ്വമേധയാ ഒന്നും ചെയ്യുവാൻ കഴിയില്ല (യോഹന്നാൻ (5:30)
- യേശുവിന് അത്തിമരത്തിൻെറ ഫലദായക സമയം

എപ്പോഴാണെന്നറിയില്ല (മാർക്കോസ് 11:12)

- യേശു സഹനത്തിലൂടെ അനുസരണം അഭ്യസിക്കുന്നു (എബ്രായർ 5:8)
- യേശുവിന് വിശപ്പ് അനുഭവപ്പെടുന്നു (മാർക്കോസ് 11:12)
- യേശുവിന് ദാഹം അനുഭവപ്പെടുന്നു (യോഹന്നാൻ 19:28)
- യേശു ഉറങ്ങുന്നു (മത്തായി 8:24)
- യേശു യാത്രചെയ്താൽ ക്ഷീണിക്കുന്നു (യോഹന്നാൻ 4:6)
- യേശു അസ്വസ്ഥനായി നെടുവീർപ്പിടുന്നു (യോഹന്നാൻ 11:33)
- യേശു കരയുന്നു (യോഹന്നാൻ 11:35)
- യേശു ദുഃഖിക്കുന്നു (മത്തായി 26:37)
- യേശു ശക്തി പ്രയോഗിക്കുന്നു (യോഹന്നാൻ 2:13)
- യേശു വാളെടുക്കാൻ ആഹ്വാനം ചെയ്യുന്നു (ലൂക്കോസ് 22:36)
- യേശു യഹൂദന്മാരെ ഭയക്കുന്നു (യോഹന്നാൻ 18:12,13)

- യേശു ഒറ്റുകൊടുക്കപ്പെടുന്നു (യോഹന്നാൻ 18:2)
- യേശു ബന്ധിക്കപ്പെടുന്നു (യോഹന്നാൻ 18:12,13)
- യേശു അപമാനിക്കപ്പെടുന്നു (മത്തായി 26:67)
- യേശുവിന് അടി കിട്ടുന്നു (യോഹന്നാൻ 18:12)
- യേശു മരണത്തെ ഭയക്കുന്നു (മാർക്കോസ് 14:36)
- യേശു ദൈവത്തോട് പ്രാർഥിക്കുന്നു (മത്തായി 26: 42)
- യേശുവിനെ ശക്തിപ്പെടുത്താൻ സ്വർഗത്തിൽനിന്നും ദൂതൻ പ്രത്യക്ഷപ്പെടുന്നു (ലൂക്കോസ് 22:43).
- ഇനി നാം ചിന്തിക്കുക. യേശു ദൈവമാണോ അതല്ല മനുഷ്യനാണോ?

സാമാന്യബുദ്ധി പറയുന്ന ഉത്തരം അദ്ദേഹം മനുഷ്യനായിരുന്നുവെന്നാണ്. മഹാനായ പ്രവാചകൻ!

വിശുദ്ധ ക്വുർആൻ പറഞ്ഞതത്രെ ശരി 'വേദക്കാരെ നിങ്ങൾ മതകാര്യങ്ങളിൽ അതിരുകവിയരുത്. അല്ലാഹുവിന്റെ പേരിൽ വാസ്തവമല്ലാതെ നിങ്ങൾ പറയുകയും ചെയ്യരുത്. മർയമിൻെറ മകനായ മസീഹ് ഈസ അല്ലാഹുവിൻെറ ഒരു ദൂതനും മർയമിലേക്ക് അവൻ ഇട്ടുകൊടുത്ത അവൻെറ വചനവും അവങ്കൽനിന്നുള്ള ഒരു ആത്മാവും മാത്രമാകുന്നു. അതുകൊണ്ട് നിങ്ങൾ അല്ലാഹുവിലും അവൻെറ ദൂതനിലും വിശ്വസിക്കുക.

ത്രിത്വം എന്ന് നിങ്ങൾ പറയരുത്. നിങ്ങളുടെ നന്മക്കായി നിങ്ങളതിൽ നിന്ന് വിരമിക്കുക. അല്ലാഹു ഏക ആരാധ്യൻ മാത്രമാകുന്നു. തനിക്ക് ഒരു സന്താനമുണ്ടായിരിക്കുക എന്നതിൽനിന്ന് അവനെത്രയോ പരിശുദ്ധനത്രേ. ആകാശങ്ങളിലുള്ളതും ഭൂമിയിലുള്ളതുമെല്ലാം അവന്റെതാകുന്നു. കൈകാര്യകർത്താവായി അല്ലാഹുതന്നെ മതി (ക്വുർആൻ 4:171).

## ദൈവത്തിൻെറ സുവിശേഷം

യേശുക്രിസ്തു ഇസ്രായീല്യരിലേക്ക് അയക്കപ്പെട്ട ഒരു ദൈവദൂതനായിരുന്നു. 'ഇസ്രായീൽ ഭവനത്തിലെ നഷ്ടപ്പെട്ട ആടുകളുടെ അടുത്തേക്ക് മാത്രമാണ് ഞാൻ അയക്കപ്പെട്ടിരിക്കുന്നത് (മത്തായി 5:24) എന്നാണ് അദ്ദേഹം പറഞ്ഞത്. ദൈവിക മാർഗത്തിൽനിന്ന് തെറ്റിപ്പോയ ഇസ്രായീല്യരെ സത്യമതത്തിലേക്ക് തിരിച്ചുകൊണ്ടുവരികയായിരുന്നു അദ്ദേഹത്തിൻെറ ദൗത്യം.

യേശുവിന് അവതരിപ്പിക്കപ്പെട്ട വേദഗ്രന്ഥമായിരുന്നു സുവിശേഷം (ഇൻജീൽ). 'സുവിശേഷം' പ്രസംഗിച്ചുകൊണ്ടാണ് അദ്ദേഹം ഇസ്രായീല്യരെ സത്യമാർഗത്തിലേക്ക് ക്ഷണിച്ചത്.

യേശു പഠിപ്പിച്ചു: 'കാലം തികഞ്ഞു. ദൈവരാജ്യം സമീപിച്ചിരിക്കുന്നു. അനുതപിക്കൂ. സുവിശേഷത്തിൽ വിശ്വസിക്കൂ (മാർക്കോസ് 1:15).

'ആദ്യമേതന്നെ 'സുവിശേഷം' എല്ലാ ജനങ്ങളോടും പ്രസംഗിക്കപ്പെടണം' (മാർക്കോസ് 14:9).

യേശുക്രിസ്തുവിന് ദൈവം അവതരിപ്പിച്ച സുവിശേഷം ഇന്ന് എവിടെ? ബൈബിൾ മുഴുവൻ പരതിയാൽ നമുക്ക് യേശു പ്രസംഗിച്ച സുവിശേഷത്തെക്കുറിച്ച് ഒരു പൂർണ്ണമായ ചിത്രം കിട്ടുമോ? ഇല്ല. മത്തായിയുടെയും മാർക്കോസിൻെറയും യോഹന്നാൻെറയും സുവിശേഷങ്ങളാണ് പുതിയ നിയമത്തിലുള്ളത്. യേശുക്രിസ്തു പ്രസംഗിച്ച 'ദൈവത്തിൻെറ സുവിശേഷം' ഇന്നെവിടെ?

യേശുക്രിസ്തു പ്രസംഗിച്ച 'ദൈവത്തിൻെറ സുവിശേഷം' ഇന്ന് ഉപലബ്ധമല്ല. മുമ്പ് അവതരിപ്പിക്കപ്പെട്ട പല ദൈവിക ഗ്രന്ഥങ്ങളെയും പോലെ അത് വിസ്മരിക്കപ്പെട്ടുപോയി.

അവതരിപ്പിക്കപ്പെട്ട അതേ രൂപത്തിൽ നിലനിൽക്കുന്ന ഒരേയൊരു വേദഗ്രന്ഥം മാത്രമേയുള്ളൂ. അതാണ് വിശുദ്ധ ഖുർആൻ. സ്വയം ദൈവികമാണെന്ന് പ്രഖ്യാപിക്കുന്ന ഏക ഗ്രന്ഥവും ഖുർആനാണ്. കഴിഞ്ഞ പതിനാല് നൂറ്റാണ്ടുകളായി ലോകം കണ്ട ശാസ്ത്ര-സാങ്കേതിക വിപ്ലവങ്ങൾക്കു മുമ്പിൽ അടിപതറാതെ അജയ്യമായി നിലനിൽക്കുന്ന ഗ്രന്ഥമാണ് ഖുർആൻ.

തൻെറ പിൻഗാമിയായി വരാനിരിക്കുന്നവനെന്ന് യേ

ശു പ്രവചിച്ച മുഹമ്മദിﷺലൂടെ (യോഹന്നാൻ 16:7–14) യാണ് ക്വുർആൻ ലോകത്തിന് അവതരിപ്പിക്കപ്പെട്ടത്. യേശുവിനെ അനുസരിച്ച് കൊണ്ടു നിത്യജീവൻ നേടണമെന്ന് ആഗ്രഹിക്കുന്നവർ ക്വുർആനും അതു പ്രയോഗവത്കരിച്ച മുഹമ്മദിﷺൻെറ ജീവിതവും പിൻപറ്റുകയാണ് വേണ്ടത്. അതാണ് ശാശ്വത വിജയത്തിൻെറ മാർഗം.

*****

# സത്യത്തിൻെറ വിളക്കുമാടം

മുഴുവൻ മനുഷ്യരുടെയും നന്മക്കും
ഇഹലോകത്തെയും പരലോകത്തെയും വിജയത്തിനുമായി
പ്രപഞ്ചനാഥൻ നൽകിയ സന്ദേശമാണ് ഇസ്‌ലാം.
ഇത് പിന്തുടരേണ്ടത് മനുഷ്യരുടെ ബാധ്യതയാണ്.
രക്ഷയിലേക്കും സമാധാനത്തിലേക്കും
ശാന്തിയിലേക്കുമാണത് ക്ഷണിക്കുന്നത്.
പരലോക വിജയമാണതിൻെറ ലക്ഷ്യം.
അതിനായി,
ഏകനായ അല്ലാഹുവെ മാത്രം ആരാധിക്കുക
അവൻ മുഹമ്മദ് നബിﷺയിലൂടെ നൽകിയ സന്ദേശം
പിന്തുടരുക.
ഈ സത്യത്തിലേക്ക് എല്ലാവരെയും ക്ഷണിക്കുന്നു.
ബന്ധപ്പെടുക:


**NICHE OF TRUTH**

**P.B. N0: 832, Poothole, Thrissur-4.**

**Tel: 9746547777**

**Email:dawa@nicheoftruth.org**

**www.nicheoftruth.org**

# കുറിപ്പുകൾ



# ആരാണ് യേശുക്രിസ്തു

കൂടുതൽ പഠിക്കാൻ

**NICHE OF TRUTH**
P.B. No: 832, Poothole, Thrissur-4.
Kerala, India. Tel: (+91) 9746547777

Email:dawa@nicheoftruth.org, Web: www.nicheoftruth.org